2024
JANUARY
08
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## മുഴുവൻ മെഡിക്കൽ കോളേജുകളിലും എമർജൻസി മെഡിസിൻ വിഭാഗം

### കൊല്ലം, കോന്നി, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശൂർ, മഞ്ചേരി എന്നിവിടങ്ങളിലാണ് പുതുതായി ആരംഭിക്കുന്നത്




**തിരുവനന്തപുരം:** സംസ്ഥാനത്തെ 7 മെഡിക്കൽ കോളേജുകളിൽ കൂടി എമർജൻസി മെഡിസിൻ ആൻഡ് ട്രോമകെയർ വിഭാഗം ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നിലവിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ എമർജൻസി മെഡിസിൻ വിഭാഗമുണ്ട്. അംഗീകാരം ലഭിച്ച ബാക്കിയുള്ള മെഡിക്കൽ കോളേജുകളായ കൊല്ലം, കോന്നി, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശൂർ, മഞ്ചേരി എന്നിവിടങ്ങളിലാണ് എമർജൻസി മെഡിസിൻ വിഭാഗം പുതുതായി ആരംഭിക്കുന്നത്. ഇതിനായി ഈ മെഡിക്കൽ കോളേജുകളിൽ ഒരു അസോസിയേറ്റ് പ്രൊഫസർ, ഒരു അസിസ്റ്റന്റ് പ്രൊഫസർ, 2 സീനിയർ റസിഡന്റ് തസ്തികകൾ വീതം സൃഷ്ടിച്ചിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ രണ്ട് വീതം സീനിയർ റസിഡന്റുമാരുടെ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. സമയബന്ധിതമായി എല്ലാ മെഡിക്കൽ കോളേജുകളിലും എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.അപകടത്തിൽപ്പെട്ടോ മറ്റ് അസുഖങ്ങൾ ബാധിച്ചോ വരുന്നവർക്ക് ഗുണമേന്മയുള്ള അടിയന്തര വിദഗ്ധ ചികിത്സ ഉറപ്പാക്കാനായി മെഡിക്കൽ കോളേജുകളിൽ നടപ്പിലാക്കിയ ക്വാളിറ്റി മാനേജ്മെന്റ് ഇനിഷ്യേറ്റീവിന്റെ ഭാഗമായാണ് എമർജൻസി മെഡിസിൻ വിഭാഗം എല്ലാ മെഡിക്കൽ കോളേജുകളിലേക്കും വ്യാപിപ്പിക്കുന്നത്. അടിയന്തര വൈദ്യസഹായം ആവശ്യമുള്ള രോഗികൾക്ക് ഒരു കുടക്കീഴിൽ ചികിത്സ ഉറപ്പാക്കുന്ന മെഡിക്കൽ ശാസ്ത്ര ശാഖയാണ് എമർജൻസി മെഡിസിൻ. ഹൃദയാഘാതം, തലച്ചോറിലെ രക്തസ്രാവം, അപകടങ്ങൾ, വിഷബാധ തുടങ്ങിയ ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് സമയം ഒട്ടും പാഴാക്കാതെ കൃത്യമായ ചികിത്സ ഉറപ്പ് വരുത്തുന്നു. എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കുന്നതോടെ മെഡിസിൻ, സർജറി, ഓർത്തോപീഡിക്സ്, കാർഡിയോളജി തുടങ്ങിയ അത്യാഹിത വിഭാഗത്തിലെ വിവിധ വിഭാഗങ്ങളുടെ ഏകീകരണത്തോടെയുള്ള ഫലപ്രദമായ ചികിത്സ ഉറപ്പാക്കാനാകുമെന്ന് മന്ത്രി വ്യക്തമാക്കി.

## രാജ്യത്തെ മെട്രോ സംവിധാനം

# പ്രതിദിന യാത്രക്കാർ 10 ദശലക്ഷം കടന്നു



**ന്യൂഡൽഹി:** രാജ്യത്തെ മെട്രോ സംവിധാനങ്ങളിലുടനീളം പ്രതിദിന യാത്രക്കാരുടെ എണ്ണം ഇതിനകം 10 ദശലക്ഷം കടന്നതായി കേന്ദ്ര സർക്കാർ: ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ ഇത് 12.5 ദശലക്ഷത്തിൽ കൂടുതലാകുമെന്ന് പ്രതീക്ഷിക്കുന്നു. മെട്രോ യാത്രക്കാരുടെ എണ്ണത്തിൽ കുത്തനെയുള്ള വർദ്ധനവിനാണ് രാജ്യം സാക്ഷ്യം വഹിക്കുന്നതതെന്നും ഭവന,നഗരദാരിദ്രലഘൂകരണ മന്ത്രാലയം പുറത്തിറക്കിയ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.രാജ്യത്തെ മിക്കവാറും എല്ലാ മെട്രോ റെയിൽ സംവിധാനങ്ങളും നിലവിൽ പ്രവർത്തന ലാഭം ഉണ്ടാക്കുന്നു. ഡൽഹി മെട്രോ പോലെ, പരിപക്വമായ ഒരു മെട്രോ സംവിധാനത്തിൽ പ്രതിദിന യാത്രക്കാരുടെ എണ്ണം ഇതിനകം 7 മില്യൺ കവിഞ്ഞതായി കാണാം, 2023 അവസാനത്തേയ്ക്ക് കണക്കാക്കിയിരുന്ന യാത്രക്കാരുടെ എണ്ണത്തിനെക്കാൾ വളരെ കൂടുതലാണിത്. പൊതു ബസ് സംവിധാനങ്ങളെ കൊണ്ടു മാത്രം പരിഹരിക്കാൻ കഴിയാത്ത നഗരത്തിലെ തിരക്കേറിയ ഇടനാഴികളിലെ സമ്മർദ്ദം ലഘൂകരിക്കാൻ ഡൽഹി മെട്രോ സഹായിച്ചുവെന്നാണ് വാസ്തവത്തിൽ, വിശകലനം വ്യക്തമാക്കുന്നത്. നഗരത്തിലെ ചില ഇടനാഴികളിൽ ഡി.എം.ആർ.സിയുടെ സർവീസിൽ വളരെ തിരക്കുള്ള സമയത്ത്, തിരക്കുപിടിച്ച ദിശയിലേക്കുള്ള യാത്രയിൽ 50,000ലധികം ആളുകൾ യാത്രചെയ്യുന്നത് കാണാവുന്നതുമാണ്. പൊതു ബസുകളിലൂടെ മാത്രം ഇത്രയും ഉയർന്ന യാത്രാ ആവശ്യം നിറവേറ്റുന്നതിന്, ആ ഇടനാഴികളിൽ ഒരു മണിക്കൂറിനുള്ളിൽ ഒരു ദിശയിലേക്ക് 715 ബസുകൾ സഞ്ചരിക്കേണ്ടിവരും, ഇത് ബസുകൾക്കിടയിൽ ഏകദേശം 5 സെക്കൻഡ് നേരത്തെ ഗതിവേഗം മാത്രമായിരിക്കും നൽകുന്നത്.ഇന്ത്യയെപ്പോലെ വൈവിദ്ധ്യമാർന്ന ഒരു രാജ്യത്ത്, പൊതുഗതാഗത സംവിധാനത്തിന്റെ എല്ലാ രീതികളും പ്രധാനമാണ്.ഇ ബസുകളും മെട്രോ സംവിധാനങ്ങളും വൈദ്യുതോർജ്ജമാണുപയോഗിക്കുന്നതെങ്കിലും, സവിശേഷ ഊർജ്ജ ഉപഭോഗത്തിലും കാര്യക്ഷമതയിലും മെട്രോ സംവിധാനങ്ങൾ വളരെ മുന്നിലാണ്.  20 വർഷത്തിലേറെ പഴക്കമുള്ള ഡി.എം.ആർ.സി മെട്രോയുടെ ശരാശരി യാത്ര ദൂരം 18 കിലോമീറ്ററാണ്. അഞ്ചോ പത്തോ വർഷത്തിൽ താഴെ മാത്രം പഴക്കമുള്ളവയാണ്,ഇന്ത്യയിലെ മെട്രോ സംവിധാനങ്ങളിൽ മിക്കതും, അടുത്ത 100 വർഷത്തേക്ക് ഇന്ത്യയുടെ നഗരപ്രദേശങ്ങളിലെ ഗതാഗത ആവശ്യകതകൾ നിറവേറ്റുന്നതിനായി ആസൂത്രണം ചെയ്താണ് ഇവയെ പ്രവർത്തനക്ഷമമാക്കിയിട്ടാണുള്ളത്. അത്തരം പരിവർത്തനം സംഭവിക്കുന്നതായാണ് ഇതിനകമുള്ള തെളിവുകൾ സൂചിപ്പിക്കുന്നത് സ്ത്രീകൾക്കും നഗരത്തിലെ യുവജനങ്ങൾക്കും ഏറ്റവും ഇഷ്ടപ്പെട്ട യാത്രാമാർഗ്ഗവുമാണ് മെട്രോ റെയിൽ സംവിധാനങ്ങളെന്നും റിപോർട്ടിൽ വ്യക്തമാക്കുന്നു.

## മലയാളിയുടെ കുടിയേറ്റം ഗതികേട് കൊണ്ടല്ല, മികവ് കൊണ്ട് മന്ത്രി എം.ബി. രാജേഷ്



**തിരുവനന്തപുരം:** കേരളത്തിൽ തൊഴിലവസരങ്ങൾ ഇല്ലാത്തത് കൊണ്ടല്ല, ലോകത്തിലെ ഏറ്റവും മികച്ച ഏത് തൊഴിലവസരവും സ്വന്തമാക്കാൻ കഴിവുള്ളത് കൊണ്ടാണ് മലയാളികൾ വിദേശത്തേക്ക് പോകുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെയും തൊഴിൽപരിശീലനത്തിന്റെയും മേന്മ കൊണ്ടാണ് ഇത് സാധ്യമാകുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024 പ്രകാരം അഭ്യസ്തവിദ്യർ ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന നാട് കേരളവും നഗരം തിരുവനന്തപുരവുമാണ്. കഴിഞ്ഞ പത്ത് വർഷത്തിനിടെ ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ച് നാടുവിട്ടത് പതിനേഴര ലക്ഷം പേരാണ്. ഇതിൽ കേരളത്തിൽ നിന്നുള്ളവർ താരതമ്യേന കുറവാണെന്ന് ഇക്കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ കേന്ദ്രസർക്കാർ നൽകിയ മറുപടിയിൽ നിന്ന് വ്യക്തമാകുന്നുവെന്നും മന്ത്രി പറഞ്ഞു.തിരുവനന്തപുരത്ത് ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല യോജന പദ്ധതിയിലെ പൂർവ വിദ്യാർത്ഥികളുടെ സംഗമമായ ടാലെന്റോ 2024 ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി എം. ബി. രാജേഷ്. പദ്ധതി പ്രകാരം തൊഴിൽപരിശീലനം പൂർത്തിയാക്കി ജോലി ലഭിച്ച ആയിരം പേർക്കുള്ള ഓഫർ ലെറ്റർ മന്ത്രി കൈമാറി. ട്രാവൻകൂർ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന പരിപാടിയിൽ, ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല യോജന പദ്ധതിയിലൂടെ ജോലി ലഭിച്ച മൂവായിരത്തോളം പേരാണ് പങ്കെടുത്തത്. ഗ്രാമീണ മേഖലയിലുള്ള യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതാണ് ഈ കേന്ദ്രസംസ്ഥാന സംയുക്ത പദ്ധതി. സംസ്ഥാനത്ത് കുടുംബശ്രീ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന പദ്ധതിയിലൂടെ ഇതുവരെ 74,124 പേർക്ക് പരിശീലനം നൽകുകയും, വിദേശത്ത് ഉൾപ്പെടെ, 52,480 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു. ഇക്കൂട്ടത്തിൽ 200 പേരുടെ വിജയഗാഥ ഉൾപ്പെടുത്തിയ 'ദി ട്രെയിൽബ്ലേസേഴ്സ്' എന്ന പുസ്തകത്തിന്റെ പ്രകാശനം ഗ്രാമവികസന മന്ത്രാലയം ജോയിന്റ് സെക്രട്ടറി കർമ സിംപ ഭൂട്ടിയ നിർവഹിച്ചു.കഴക്കൂട്ടം എംഎൽഎ കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷനായ ചടങ്ങിൽ തിരുവനന്തപുരം മേയർ ആര്യാ രാജേന്ദ്രൻ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് കഅട, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് കഅട, ദേശീയ ഗ്രാമ വികസന, പഞ്ചായത്തീ രാജ് ഇൻസ്റ്റിറ്റ്യൂട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ സന്ധ്യ ഗോപകുമാരൻ, ഗ്രാമവികസന മന്ത്രാലയം അസിസ്റ്റന്റ് കമ്മീഷണർ സ്കിൽസ് അരുൺ സി അടാട്ട്, ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല യോജന പദ്ധതി സി.ഇ.ഒ ആർ പ്രദീപ ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.



## വിദ്യാർത്ഥികൾക്ക് ഉപന്യാസ രചന മത്സരം

**കൊച്ചി:** ദേശീയ ഉപഭോക്തൃ അവകാശ ദിനാചരണത്തോടനുബന്ധിച്ച് ജില്ലയിലെ കോളേജ് വിദ്യാർത്ഥികൾക്കായി പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ഉപന്യാസ രചന മത്സരം സംഘടിപ്പിക്കുന്നു. ഉപഭോക്തൃ സംരക്ഷണം ഗൂഗിൾ കാലഘട്ടത്തിൽ എന്ന വിഷയത്തിൽ മലയാളം, ഇംഗ്ലീഷ് ഭാഷകളിലാണ് മത്സരം. ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കും മത്സരത്തിൽ പങ്കെടുക്കാം.പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ 500 വാക്കുകളിൽ കവിയാതെയുള്ള രചന പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം സഹിതം ജനുവരി 9 ന് വൈകിട്ട് നാലിനകം സിറ്റി റേഷനിംഗ് ഓഫീസർ (എറണാകുളം), കേരളാ സ്റ്റേറ്റ് മാർക്കറ്റിംഗ് ഫെഡറേഷൻ ബിൽഡിംഗ്, ഗാന്ധി നഗർ, കൊച്ചി 682020 എന്ന വിലാസത്തിലോ രൃീലസാ@ഴാമശഹ.രീാ എന്ന ഇമെയിൽ വിലാസത്തിലോ, ഓഫീസിൽ നേരിട്ടോ ലഭിച്ചിരിക്കണം. ഫോൺ നമ്പർ: 04842390809.മത്സരത്തിൽ വിജയിക്കുന്നവർക്കുള്ള സമ്മാനദാനം ജനുവരി 11 ന് രാവിലെ 11ന് തേവര സേക്രഡ് ഹാർട്ട് കോളജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന ഉപഭോക്തൃ അവകാശ ദിനാചരണ സമ്മേളനത്തിൽ നിർവഹിക്കും.

## അഡ്മിഷൻ തുടരുന്നു

**കൊച്ചി:** കേരള സർക്കാർ പൊതുമേഖല സ്ഥാപനമായ കെൽട്രോണിന്റെ തൊടുപുഴയിലുള്ള നോളഡ്ജ് സെന്ററിൽ പി.എസ്.സി നിയമനങ്ങൾക്ക് യോഗ്യമായ ഡിസിഎ വേഡ് പ്രോസസിംഗ് ആന്റ് ഡാറ്റാ എൻട്രി, ഓഫീസ് ഓട്ടോമേഷൻ, കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (സിഎഫ്എ) എന്നീ കോഴ്സുകളിലേക്കും, ഒട്ടനവധി തൊഴിൽ സാധ്യതകളുള്ള അനിമേഷൻ കോഴ്സുകളിലേക്കുമുള്ള അഡ്മിഷൻ തുടരുന്നു. വിശദവിവരങ്ങൾക്ക് 0486 2228281, 7560965520 എന്നീ ഫോൺ നമ്പറുകളിലോ, കെൽട്രോൺ നോളഡ്ജ് സെന്റർ, മാതാഷോപ്പിങ് ആർക്കേഡിന് എതിർവശം, പാലാ റോഡ്, തൊടുപുഴ വിലാസത്തിലോ ബന്ധപ്പെടുക.

## ഗ്രോത്ത് പൾസ് നിലവിലുള്ള സംരംഭകർക്കുള്ള പരിശീലനം

**കൊച്ചി:** പ്രവർത്തന കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (കെഐഇഡി), 5 ദിവസത്തെ ഗ്രോത്ത് പൾസ് എന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ജനുവരി 16 മുതൽ 20 വരെ കളമശ്ശേരി കീഡ് ക്യാമ്പസിലാണ് പരിശീലനം. നിലവിൽ സംരംഭം തുടങ്ങി 5 വർഷത്തിൽ ഇനി പറയുന്ന പ്രവൃത്തി പരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. മാർക്കറ്റിംഗ് സ്ട്രാറ്റജീസ്, ഫിനാൻഷ്യൽ മാനേജ്മെന്റ് ജിഎസ്ടി ആന്റ് ടാക്സേഷൻ, ഓപ്പറേഷണൽ എക്സലൻസ്, സെയിൽസ് പ്രോസസ് ആന്റ് ടീം മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 3,540 രൂപയാണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സെർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,500/ രൂപയാണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് 2,000 രൂപ താമസം ഉൾപ്പെടെയും 1,000 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. താത്പര്യമുള്ളവർ കീഡിന്റെ വെബ്സൈറ്റ് ആയ വഹേ://സശലറ.ശിളീ/ട്രമശിശിഴരമഹലിറലൃ ൽ ജനുവരി 12 ന് മുമ്പ് സമർപ്പിക്കണം.. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/2550322/7012376994.

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

**കൊച്ചി:** കളമശ്ശേരി ഗവ.വനിത ഐ.ടി.ഐയിലെ അരിത്തമാറ്റിക് കം ഡ്രായിങ് ആന്റ് എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടറുടെ ഒഴിവിലേക്ക് ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നതിനുള്ള ഇന്റർവ്യൂ ജനുവരി 11 ന് രാവിലെ 11.30 ന് വനിത ഐടിഐ കളമശ്ശേരി ഓഫീസിൽ നടത്തുന്നു. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റ് സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 04842544750. ബന്ധപ്പെട്ട മേഖലയിൽ 3 വർഷത്തെ പ്രവൃത്തിപരിചയമുള്ള ഏതെങ്കിലും എൻജിനീയറിങ് ട്രേഡിൽ എൻടിസി/എൻ എസി അഥവാ എഐടിഇ/അംഗീകൃത ബോർഡ് ഓഫ് ടെക്നിക്കൽ എജ്യുക്കേഷനിൽ നിന്ന് എഞ്ചിനീയറിംഗിൽ 3 വർഷത്തെ ഡിപ്ലോമ അല്ലെങ്കിൽ ഡിജിടിയിൽ നിന്ന് പ്രസക്തമായ അഡ്വാൻസ്ഡ് ഡിപ്ലോമ (വൊക്കേഷണൽ) ബന്ധപ്പെട്ട മേഖലയിൽ 2 വർഷത്തെ പരിചയം. അഥവാ എഐസിടിഇ/യുജിസി അംഗീകൃത എൻജിനീയറിങ് കോളേജ്/യൂണിവേഴ്സിറ്റിയിൽ നിന്ന് എൻജിനീയറിങ്ങിൽ ബി.വോക്/ബിരുദം, ബന്ധപ്പെട്ട മേഖലയിൽ 1 വർഷത്തെ പ്രവൃത്തിപരിചയം.

# കന്നുകാലിത്തീറ്റ നിയന്ത്രണ ബിൽ ഉടൻ പ്രാബല്യത്തിൽ



**കോഴിക്കോട്:** കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം നിയന്ത്രണ ബിൽ ഉടൻ പ്രാബല്യത്തിൽ വരുത്തുമെന്ന് മൃഗ സംരക്ഷണ, ക്ഷീര വികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി . ജില്ലാ ക്ഷീര കർഷക സംഗമം ആവളയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി .
കാലിത്തീറ്റ കഴിച്ച് മരണപ്പെടുന്ന പശുക്കൾക്ക് ഇൻഷുറൻസ് പരിരക്ഷയില്ലെങ്കിലും പകരം പശുവിനെ ലഭിക്കാൻ ഈ ബില്ല് പ്രാബല്യത്തിൽ വരുന്നതോടെ സാധ്യമാകുമെന്നും മന്ത്രി പറഞ്ഞു. അപകടകരമാകുന്ന രീതിയിലുള്ള കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന കമ്പനിക്കാരെ ശിക്ഷിക്കുവാൻ ഈ ബില്ല് വഴി സാധിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ.പി ബാബു അധ്യക്ഷത വഹിച്ചു. ക്ഷീരവികസന വകുപ്പ് ജോയിന്റ് ഡയറക്ടർ ശാലിനി ഗോപിനാഥ് പദ്ധതി വിശദീകരണം നടത്തി. ജില്ലയിലെ മുതിർന്ന ക്ഷീരകർഷകനെയും മികച്ച ക്ഷീരസംഘത്തെയും മന്ത്രി ആദരിച്ചു.
ജില്ലയിലെ മികച്ച ക്ഷീരകർഷകകൻ, ക്ഷേമനിധി അംഗമായ ജില്ലയിലെ മികച്ച കർഷകൻ, വനിത ക്ഷീരകർഷക , യുവ കർഷകൻ, ഏറ്റവും കൂടുതൽ പാൽ സംഭരിച്ച ആപ്കോസ് ക്ഷീരസംഘം, ഏറ്റവും കൂടുതൽ പാൽ സംഭരിച്ച നോൺ ആപ്കോസ് ക്ഷീരസംഘം ,ഏറ്റവും ഗുണനിലവാരമുള്ള പാൽ യൂണിയന് നൽകിയ ക്ഷീരസംഘം , പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം മികച്ച കർഷകൻ, പാൽ സംഭരണ വർദ്ധനവ് നേടിയ ക്ഷീരസംഘം , മികച്ച പുൽകൃഷിത്തോട്ടം, തുടങ്ങിയ അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു. ജില്ലയിൽ ഏറ്റവും കൂടുതൽ പാൽ സംഭരിച്ച ആപ്കോസ് സംഘത്തിനുള്ള പുരസ്കാരം കൊടുവള്ളി ബ്ലോക്കിലെ കുപ്പായക്കോട് ക്ഷീരസംഘത്തിന് ലഭിച്ചു. നോൺ ആപ്കോസ് ക്ഷീരസംഘത്തിനുള്ള പുരസ്കാരം വടകര ബ്ലോക്കിലെ വെള്ളികുളങ്ങര ക്ഷീരസംഘം നേടി. ജില്ലയിലെ മികച്ച ക്ഷീര കർഷകനായി കൊടുവള്ളി ബ്ലോക്കിലെ ഷക്കില കോയപ്പതൊടിയെയും മികച്ച ക്ഷീരകർഷകയായി ബാലുശ്ശേരി ബ്ലോക്കിലെ കീർത്തിറാണിയെയും മികച്ച യുവകർഷകനായി കൊടുവള്ളി ബ്ലോക്കിലെ പി കെ ജുനൈദിനെയും തെരഞ്ഞെടുത്തു.പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ കോഴിക്കോട് ബ്ലോക്കിലെ കെ ലത , കുന്ദമംഗലം ബ്ലോക്കിലെ തുളസീഭായി എന്നിവർ പുരസ്കാരത്തിന് അർഹരായി.മിൽമ ചെയർമാൻ കെ.എസ് മണി,ക്ഷീരകർഷക ക്ഷേമ നിധി ചെയർമാൻ വി.പി ഉണ്ണികൃഷ്ണൻ , ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ പി ഗവാസ്, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ.ടി ഷിജിത്ത് , പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി. കെ പാത്തുമ്മ ടീച്ചർ, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ പി മോനിഷ, മെമ്പർമാരായ കെ. അജിത, എം എം രഘുനാഥ്, കെ.എം ബിജിഷ,വി.പി പ്രവിത, മിൽമ ഡയറക്ടർമാരായ ഗ്രീനി വാസൻ മാസ്റ്റർ, പി ടി ഗിരീഷ് കുമാർ , ജില്ലാ മൃഗസംരക്ഷണ ഓഫീസർ കെ.ആർ ഗുണതീത , പി പി പ്രദീപ്, കെ.കെ ഭാസ്കരൻ മാസ്റ്റർ , സി.ബാബു, ഡെപ്യൂട്ടി ഡയറക്ടർ കെ എം ജീജ എന്നിവർ സംസാരിച്ചു. ആവള ക്ഷീരസംഘം പ്രസിഡന്റ് കെ. നാരായണക്കുറുപ്പ് സ്വാഗതം പറഞ്ഞു.

# പശ്ചിമ കൊച്ചിയിലെ പൊതു അറവുശാല തുറന്നു പ്രവർത്തിപ്പിക്കണം




**കൊച്ചി:** പശ്ചിമ കൊച്ചിയിലെ പൊതു അറവുശാല തുറന്നു പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് കൊച്ചി താലൂക്ക് വികസന സമിതി. കൊച്ചി താലൂക്ക് ഓഫീസിൽ ചേർന്ന ജനുവരി മാസത്തെ അവലോകന യോഗത്തിലാണ് നിർദേശം. എടവനക്കാട് ഗ്രാമപഞ്ചായത്തിലെ തീരദേശ റോഡിലെ മണ്ണ് നീക്കം ചെയ്യുവാനുള്ള നടപടി സ്വീകരിക്കണം, ഞാറക്കൽ പഞ്ചായത്തിന്റെ തെക്കുവശം, ബീവറേജ് ഔട്ട് ലെറ്റിന് മുൻവശം റോഡിൽ അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് തടയണം, ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന വനിതാ വ്യവസായ കേന്ദ്രത്തിന്റെ ഭൂമി സ്വകാര്യ വ്യക്തി കയ്യേറിയത് ഒഴിപ്പിക്കണം, വൈപ്പിൻ പള്ളിപ്പുറം സംസ്ഥാനപാതയിൽ കോൺവന്റ് ജംഗ്ഷന് വടക്കുവശം അപകടാവസ്ഥയിലുള്ള രണ്ടു ചെറിയ പാലങ്ങൾ പുതുക്കി പണിയുന്നതിനുള്ള നടപടി സ്വീകരിക്കണം തുടങ്ങിയ നിർദേശങ്ങൾ വികസന സമിതിയിൽ ഉയർന്നു.വികസന സമിതി അംഗം കെ.കെ ഹംസകോയ അധ്യക്ഷത വഹിച്ച യോഗത്തിൽ എടവനക്കാട് പഞ്ചായത്ത് പ്രസിഡന്റ് അസീന അബ്ദുൽസലാം, കൊച്ചി തഹസിൽദാർ സുനിത ജേക്കബ്, ഡെപ്യൂട്ടി തഹസിൽദാർ ഇ. പി സുരേഷ്, വികസന സമിതി അംഗങ്ങൾ, ജനപ്രതിനിധികൾ, വകുപ്പ് ഉദ്യോഗസ്ഥർ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# വർണ്ണച്ചിറകുകൾ ; ചിൽഡ്രൻസ് ഫെസ്റ്റിന് ജില്ല ഒരുങ്ങുന്നു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിന് സംഘടിപ്പിക്കുന്ന സംസ്ഥാനതല ചിൽഡ്രൻസ് ഫെസ്റ്റിന് ജില്ല ഒരുങ്ങുന്നു. വർണ്ണചിറകുകൾ എന്ന പേരിൽ ജനുവരി 26, 27, 28 തീയതികളിൽ കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിലാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.ഫെസ്റ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷിന്റെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു. പരിപാടിയുടെ നടത്തിപ്പിനായി തിരഞ്ഞെടുത്ത 18 സബ് കമ്മിറ്റികളുടെ പ്രവർത്തനം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ഹരിത വി. കുമാർ യോഗത്തിൽ വിലയിരുത്തി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മത്സരയിനങ്ങളിൽ പങ്കെടുക്കാൻ എത്തുന്ന കുട്ടികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കും. വിവിധ സർക്കാർ വകുപ്പുകളുടെ പ്രദർശന വിപണന മേളയും കലാ പരിപാടികളും ഫെസ്റ്റിനോടനുബന്ധിച്ച് സംഘടിപ്പിക്കും. സർക്കാരിന്റെയും വിവിധ സന്നദ്ധ സംഘടനകളുടെയും കീഴിലുള്ള ചിൽഡ്രൻസ് ഹോമിലെ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ടാണ് ഫെസ്റ്റ് നടത്തുന്നത്. അഞ്ച് വേദികളിൽ മൂന്ന് ദിവസങ്ങളിലായാണ് കുട്ടികളുടെ വിവിധ കലാമത്സരങ്ങൾ അരങ്ങേറുന്നത്.കളക്ടറേറ്റ് സ്പ



ാർക്ക് ഹാളിൽ ചേർന്ന യോഗത്തിൽ കളമശ്ശേരി നഗരസഭ ചെയർപേഴ്സൺ സീമ കണ്ണൻ, കൊച്ചി കോർപ്പറേഷൻ കൗൺസിലർ ഷീബ ലാൽ, വനിതാ ശിശു വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ ബിന്ദു ഗോപിനാഥ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ കെ.കെ. ഷാജു, സംസ്ഥാന പ്രോഗ്രാം മാനേജർ കെ. കൃഷ്ണമൂർത്തി, ജില്ലാ വനിത ശിശു വികസന ഓഫീസർ ഡോ. പ്രേംന മനോജ് ശങ്കർ, വുമൺ പ്രൊട്ടക്ഷൻ ഓഫീസർ എച്ച്. താഹിറ ബീവി, ഐ. സി. ഡി. എസ്. പ്രോഗ്രാം മാനേജർ കെ.ബി. സൈന, ശിശു സംരക്ഷണ ഓഫീസർ കെ. എസ്. സിനി, വിവിധ കമ്മിറ്റി കൺവീനർമാർ തുടങ്ങിയവർ പങ്കെടുത്തു.

# പരിസ്ഥിതി അവാർഡുകൾ വിതരണം ചെയ്തു




കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസോസിയേഷന്റെ പരിസ്ഥിതി അവാർഡ് വിതരണവും വാർഷിക സമ്മേളനവും നെടുമ്പാശ്ശേരി എയർലിങ്ക് കാസിൽ ഹോട്ടലിൽ ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യുന്നു.
ഇ.സന്തോഷ് കുമാർ, ജെ.സുനിൽ, എ.നിസാറുദ്ദീൻ, എം.എസ് ജോർജ്ജ്. കെ.എ രാജേഷ്, പ്രൊഫ. പ്രശാന്ത് ആർ.കൃഷ്ണ, മുഹമ്മദ് അഷറഫ്, അരുൺകുമാർ എന്നിവർ സമീപം.

**കൊച്ചി :**കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസോസിയേഷൻ(കെ.പി.എം.എ )പരിസ്ഥിതി അവാർഡ് വിതരണവും വാർഷിക സമ്മേളനവും ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു. പ്രകൃതിക്കും മനുഷ്യനും ദോഷകരമാവാത്ത വിധം പ്ലാസ്റ്റിക്കിന്റെ പുനരുപയോഗം എങ്ങനെ സാധ്യമാക്കാമെന്ന് ഗൗരവമായി ചർച്ച ചെയ്ത് നടപ്പിലാക്കണമെന്ന് ഹൈബി ഈഡൻ എം.പി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. നെടുമ്പാശ്ശേരി എയർലിങ്ക് കാസിൽ ഹോട്ടലിൽ നടന്ന സമ്മേളനത്തിൽ കെ.പി.എം.എ സംസ്ഥാന പ്രസിഡന്റ് എം.എസ് ജോർജ്ജ് അധ്യക്ഷത വഹിച്ചു. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന സംഘടനയ്ക്കുള്ള അമ്പതിനായിരം രൂപയുടെ ക്യാഷ് അവാർഡ് കണ്ണൂർ ക്ലീൻ കേരള കമ്പനിക്കും വ്യക്തിക്കുള്ള അവാർഡ് തുകയായ 25000 രൂപ വീതം പങ്കിട്ട പരിസ്ഥിതി സംരക്ഷകരായ വടകര സ്വദേശി മണലിൽ മോഹനൻ, തിരുവനന്തപുരം പുഞ്ചക്കരി സ്വദേശി ബിനു പുഞ്ചക്കരി എന്നിവർക്കുള്ള അവാർഡുകൾ ഹൈബി ഈഡൻ ചടങ്ങിൽ സമ്മാനിച്ചു. സിപെറ്റ്, കുസാറ്റ് എന്നിവിടങ്ങളിലെ ബി.ടെക്, എം.ടെക് പോളിമെർ വിദ്യാർഥികൾക്ക് കെ.പി.എം.എ നൽകിവരുന്ന സ്കോളർഷിപ്പുകളും ചടങ്ങിൽ വിതരണം ചെയ്തു. അസോസിയേഷന്റെ വെബ്സൈറ്റിന്റെ ഉദ്ഘാടനം സിപെറ്റ് ജോയിന്റ് ഡയറക്ടർ കെ.എ രാജേഷ് ചടങ്ങിൽ നിർവ്വഹിച്ചു. പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും നടന്നു. കുസാറ്റ് പോളിമർ സയൻസ് ആന്റ് റബ്ബർ ടെക്നോളജി ഡിപ്പാർട്ട്മെന്റ് മേധാവി പ്രൊഫ. പ്രശാന്ത് ആർ.കൃഷ്ണ, കെ.എസ്.എസ്.ഐ.എ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ എന്നിവർ മുഖ്യാതിഥികളായി. കെ.പി.എം.എ ജനറൽ സെക്രട്ടറി ജെ.സുനിൽ, ട്രഷറർ ഇ.സന്തോഷ് കുമാർ, വൈസ് പ്രസിഡന്റ് മുഹമ്മദ് അഷറഫ്, മുൻ പ്രസിഡന്റ് പി.ജെ മാത്യു, മുൻ സെക്രട്ടറി അരുൺ കുമാർ, റാഫേൽ തുടങ്ങിയവർ സംസാരിച്ചു.

# സംസ്ഥാന സീനിയർ അത്‌ലറ്റ് മീറ്റ് സംഘടിപ്പിച്ചു

**കൊച്ചി** നഗരം വയോജന സൗഹൃദമാക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന തല സീനിയർ അത്‌ലറ്റിക്ക് മീറ്റ് ഇന്ന് (06012024) മഹാരാജാസ് കോളേജ് മൈതാനത്ത് സംഘടിപ്പിച്ചു. അറുപത് മുതൽ തൊണ്ണൂറ്റി അഞ്ച് വയസ് വരെ പ്രായമുള്ള നാനൂറിൽ അധികം വയോജനങ്ങൾ കായികമേളയിൽ പങ്കെടുത്തു. കൊച്ചി നഗരസഭയുടെയും ഓൾ ഇന്ത്യ അസോസിയേഷൻ ഓഫ് സ്പോർട് ഫോർ ഓളിന്റെയും മാജിക്സ് എൻ. ജി. ഒ യുടെയും ഐ. എം. എ യുടെയും പെരുമ്പാവൂർ ജയ് ഭാരത് കോളജിന്റെയും സെന്റ് തെരേസാസ് കോളേജിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ് കേരള സീനിയർ അത്‌ലറ്റിക് മീറ്റ് സംഘടിപ്പിച്ചത്.

# ബ്രാന്റഡ് വസ്ത്രങ്ങളുടെ ഡിസ്കൗ സെയിൽ പാലക്കാട് ഇന്ദ്രപ്രസ്ഥയിൽ



**പാലക്കാട്:** ബ്രാന്റഡ് റെഡിമെയ്ഡ് വസ്ത്രങ്ങളുടെ വൻ ഡിസ്കൗ സെയിൽ പാലക്കാട് ഇംഗ്ലീഷ് ചർച്ച് റോഡിലെ ഹോട്ടൽ ഇന്ദ്രപ്രസ്ഥയിൽ തുടരുന്നു. അഞ്ചു ദിവസത്തേക്ക് കൂടി തുടരുന്ന ഡിസ്കൗ സെയിലിൽ 80 ശതമാനം വരെയാണ് കിഴിവ് ലഭിക്കുക. തമിഴ്നാട്, മഹാരാഷ്ട്ര, കർണാടക സംസ്ഥാനങ്ങളിലെ ദീപാവലി സീസൺ സെയിൽ നഷ്ടത്തിലായതിനാലാണ് ഫ്രഷ് സ്റ്റോക്കുകൾ ഡിസ്കൗ സെയിലിൽ വിറ്റഴിക്കുന്നത്. ലേഡീസ്, ജെന്റ്സ്, കിഡ്സ് വസ്ത്രങ്ങളുടെ വലിയ ശേഖരമാണ് ഉപഭോക്താക്കൾക്കായി ഒരുക്കിയിരിക്കുന്നത്. ഷർട്ട്, പാന്റ്, ടീഷർട്ട്, ലോവർ ബെർമുഡ, കുർത്തി, ടോപ്സ്, പൈജാമ, പലാസോ, വെസ്റ്റേൺ ഔട്ട്ഫിറ്റ്സ്, കിഡ്സ് പാന്റ്, ഷർട്ട്, ടീഷർട്ട് എന്നിവയോടൊപ്പം ബെഡ്ഷീറ്റും ഡിസ്കൗ സെയിലിന്റെ ഭാഗമായി എത്തിച്ചിട്ടു. മെൻസ് ഗാർമെന്റ്സ് 149 മുതൽ 349 രൂപ വരെയും വിമൻസ് ഗാർമെന്റ്സ് 149 മുതൽ 599 രൂപ വരെയും ചിൽഡ്രൻ ഗാർമെന്റ്സ് 149 മുതൽ 349 രൂപ വരെയും ലഭിക്കും. എക്സ്ക്ലൂസീവ് ജെന്റ്സ് പ്രീമിയം ഗാർമെന്റ്സ് ഷർട്ട്, പാന്റ്, ടീ ഷർട്ട് തുടങ്ങി 1599 മുതൽ 3999 രൂപ വരെ വില വരുന്ന വസ്ത്രങ്ങൾക്ക് 499 രൂപ മുതൽ 999 രൂപ വരെ വിലയിൽ ലഭിക്കും. സ്കള്ളേഴ്സ്, ഇന്ത്യൻ നാഷൻ, ഇന്ത്യൻ ടെറയിൻ, വെറോമോട, ബീറ്റ് ലൻ, പെപെ ജീൻസ്, ജോൺ മില്ലർ, ഡാനിയൽ ഹെച്ചർ, ജാക്ക് ജോൺസ്, ഹൈലാന്റർ, ഇസോഡ് തുടങ്ങി അന്താരാഷ്ട്ര ബ്രാന്റുകൾ ഡിസ്കൗ സെയിലിലുണ്ടെന്നും വിൽപ്പനക്കാർ അറിയിച്ചു.

# മാസ്റ്റേഴ്സ് ഗെയിംസ് 11 ന് കൊച്ചിയിൽ തുടക്കമാകും

**കൊച്ചി:** അഞ്ചാമത് സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസ് ജനുവരി 11 മുതൽ 14 വരെ എറണാകുളത്ത് 16 വേദികളിലായി നടക്കും. 22 ഇനങ്ങളിലായി മൂവായിരത്തോളം കായികതാരങ്ങൾ മാറ്റുരയ്ക്കും. 35 വയസ് മുതൽ 100 വയസ് വരെയുള്ളവർ മേളയിൽ പങ്കെടുക്കും. മഹാരാജാസ് ഗ്രൗണ്ടിൽ 12 ന് നടക്കുന്ന വർണാഭമായ ചടങ്ങിൽ ഹൈബി ഈഡൻ എം.പി സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസ് ഉദ്ഘാടനം ചെയ്യും. അത്‌ലറ്റിക്, ആർച്ചറി, ആം റെസ്ലിംഗ്, ബാഡ്മിന്റൺ, ബാസ്ക്കറ്റ് ബോൾ, ബോഡി ബിൽഡിംഗ്, ചെസ്, ഫുട്ബോൾ, ഹാൻഡ്ബാൾ, ഹോക്കി, കബഡി, പവർ ലിഫ്റ്റിങ്, ഷൂട്ടിംഗ്, നീന്തൽ, ടേബിൾ ടെന്നീസ്, ടെന്നീസ്, വോളിബാൾ, വെയിറ്റ് ലിഫ്റ്റിങ്, ജൂഡോ, റെസ്ലിംഗ്, യോഗ എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ. വിജയികളാകുന്നവർക്ക് ഫെബ്രുവരിയിൽ ഗോവയിൽ നടക്കുന്ന ദേശീയ മാസ്റ്റേഴ്സ് ഗെയിംസിൽ പങ്കെടുക്കാം. ദേശീയ ഗെയിംസിൽ വിജയിക്കുന്നവർ 2025 ൽ തായ്പേയിൽ നടക്കുന്ന ലോക മാസ്റ്റേഴ്സ് ഗെയിംസിന് യോഗ്യത നേടും. മുൻ ഒളിമ്പ്യന്മാർ, അർജുന അവാർഡ് ജേതാക്കൾ, അന്തർദേശീയ, ദേശീയ താരങ്ങൾ ഉൾപ്പെടെയുള്ളവർ നാല് ദിവസമായി നടക്കുന്ന ഗെയിംസിൽ പങ്കെടുക്കും. മാസ്റ്റേഴ്സ് ഗെയിംസ് അസോസിയേഷൻ കേരളയാണ് സംഘാടകർ.

# ഐ.എഫ്. എഫ് വിമൻ ആന്റ് കിഡ്സ് ഫാഷൻ എക്സ്പോ

**കൊച്ചി :** ഇന്ത്യൻ ഫാഷൻ ഫെയർ സ്ത്രീകൾക്കും കുട്ടികൾക്കുമായി അവതരിപ്പിക്കുന്ന 'ദിയ ഡിസൈൻ സ്റ്റുഡിയോ ഐ.എഫ്. എഫ് വിമൻ ആന്റ് കിഡ്സ് ഫാഷൻ എക്സ്പോ നാളെ സിയാൽ കൺവെൻഷൻ സെന്ററിൽ ആരംഭിക്കും.സംസ്ഥാനത്ത് ആദ്യമായി സ്ത്രീകളുടെയും കുട്ടികളുടെയും ബ്രാൻഡുകൾക്ക് മാത്രമായി സംഘടിപ്പിക്കുന്ന ഫാഷൻ എക്സ്പോ ആണിത്.200 സ്റ്റാളുകളിലായി രാജ്യത്തെയും അന്താരാഷ്ട്ര വിപണിയിലെയും പ്രമുഖ 130 ബ്രാൻഡുകളുടെ വിസ്മയിപ്പിക്കുന്ന കലക്ഷനുകളാണ് എക്സ്പോയിൽ എത്തുന്നത്.എക്സ്പോയുടെ ഉദ്ഘാടനം നാളെ രാവിലെ 11 മണിക്ക് കല്യാൺ സിൽക്സ് മാനേജിംഗ് ഡയറക്ടറും കെ.ടി.ജി.എ (കേരള ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെന്റ് ഡീലേഴ്സ് വെൽഫയർ അസോസ്സിയേഷൻ )സംസ്ഥാന പ്രസിഡൻറുമായ ടി. എസ് പട്ടാഭിരാമൻ നിർവ്വഹിക്കും.വൈവിധ്യമാർന്ന ബ്രാൻഡുകളുടെയും, ഏറ്റവും പുതിയ ട്രെൻഡുകളുടെയും പ്രദർശനം സംസ്ഥാനത്തെ ഫാഷൻ സങ്കൽപ്പങ്ങൾ പുനർ നിർവ്വചിക്കുന്നതാവുമെന്ന് ഐഎഫ്എഫ് ചെയർമാൻ സാദിക് പി പി പറഞ്ഞു.ജനുവരി 9, 10, 11 തിയ്യതികളിലായി നടക്കുന്ന എക്സ്പോയുടെ ഭാഗമായി ഫാഷൻ ഷോ, സിനിമാ താരങ്ങൾ പങ്കെടുക്കുന്ന അവാർഡ് നൈറ്റ് എന്നിവ ഉണ്ടാവും.

## 3,543 ഇലക്ട്രിക് ഇരുചക്രവാഹനങ്ങൾ വിറ്റഴിച്ച് വാർഡ്‌വിസാർഡ്

ward wizard
Innovations & Mobility Limited

**കൊച്ചി:** ജോയ് ഇ-ബൈക്ക് ബ്രാൻഡിന് കീഴിലുള്ള ഇലക്ട്രിക് വാഹനങ്ങളുടെ മുൻനിര നിർമാതാക്കളായ വാർഡ് വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ് 2023 ഡിസംബറിൽ 3,543 യൂണിറ്റ് ഇലക്ട്രിക് ഇരുചക്രവാഹനങ്ങൾ വിതരണത്തിനായി അയച്ചു. 2023 നവംബറിൽ 2,563 യൂണിറ്റ് ഇലക്ട്രിക് ഇരുചക്ര വാഹനങ്ങളുടെ വിൽപനയുമായി താരതമ്യപ്പെടുത്തുമ്പോൾ 38% വളർച്ചയാണ് കമ്പനി നേടിയത്. 2023 ജനുവരി മുതൽ ഡിസംബർ വരെ 23,926 യൂണിറ്റ് ഇലക്ട്രിക് ഇരുചക്രവാഹനങ്ങളാണ് കമ്പനി വിറ്റഴിച്ചത്. ശക്തമായ ഡിമാൻഡും രാജ്യത്തുടനീളമുള്ള വിപുലമായ സാന്നിധ്യവും കാരണം, ഈ സാമ്പത്തിക വർഷത്തിന്റെ (2023 ഏപ്രിൽ-ഡിസംബർ) ആദ്യ മൂന്ന് പാദങ്ങളിലായി 17,000 യൂണിറ്റിലധികം (17,919) ഇലക്ട്രിക് ഇരുചക്രവാഹനങ്ങൾ വിറ്റഴിക്കാനും കമ്പനിക്ക് സാധിച്ചു. 2024 ജനുവരിയിൽ നടക്കാനിരിക്കുന്ന വൈബ്രന്റ് ഗുജറാത്ത് ബിസിനസ് ഉച്ചകോടിയിൽ തങ്ങളുടെ പുതിയ ഉൽപ്പന്ന നിര പ്രദർശിപ്പിക്കാൻ ഒരുങ്ങുകയാണ് കമ്പനി. മഹാത്മാ മന്ദിർ, ഗാന്ധിനഗർ, സ്റ്റാൾ നമ്പർ പി1, പി2എ, ഹാൾ നമ്പർ 2 എന്നിവിടങ്ങളിൽ വാർഡ്‌വിസാർഡിന്റെ സാങ്കേതികവിദ്യ സന്ദർശകർക്ക് കാണാവുന്നതാണ്.

## 75 പ്രവർത്തികൾക്ക് 100 കോടിയുടെ ഭരണാനുമതി നൽകി: മന്ത്രി റോഷി

**തിരുവനന്തപുരം:** രണ്ടാം കുട്ടനാട് പാക്കേജിന് കീഴിൽ 75 പ്രവർത്തികൾക്കായി 100 കോടി രൂപയുടെ ഭരണാനുമതി. പാടശേഖരങ്ങളുടെ നവീകരണത്തിനും പുറം ബുകൾ ബലപ്പെടുത്തലുകൾ അടക്കമുള്ള പ്രവർത്തികൾക്കാണ് തുക അനുവദിച്ചിരിക്കുന്നതെന്ന് മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു. ബൈപാസ് ചാലുകളിലൂടെയുള്ള നീരൊഴുക്ക് സുഗമമാക്കി കൃഷിക്ക് സഹായകമാക്കുന്നതിനും തുക വിനിയോഗിക്കുമെന്നും മന്ത്രി അറിയിച്ചു. കർഷകരുടെ ഏറെനാളായുള്ള ആവശ്യങ്ങളിലൊന്നായിരുന്നു പാടശേഖരങ്ങളുടെയും പുറംബുകളുടെയും നവീകരണ പ്രവർത്തനങ്ങൾ. ഇതിനു പുറമേ ചാലുകളിൽ എക്കലും മണ്ണും അടിഞ്ഞു കൂടി നീരൊഴുക്ക് തടസ്സപ്പെട്ടതും കർഷകർക്ക് തിരിച്ചടിയായിരുന്നു. ഇതേത്തുടർന്നാണ് അടിയന്തരമായി ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 100 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചതെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. മുഖ്യമന്ത്രി പിണറായി വിജയൻ 2020 സെപ്റ്റംബർ 17നാണ് 2447.6 കോടി രൂപയുടെ രാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചത്.

## ജി.എസ്.ടി: മാർച്ച് 31 വരെയുള്ള ഡിമാൻഡ് ഉത്തരവുകൾക്കെതിരെ അപ്പീൽ നൽകാം

**കൊച്ചി:** കേന്ദ്ര ജിഎസ്ടി നിയമം, കേരള ജിഎസ്ടി നിയമം 2017 എന്നിവ പ്രകാരം 2023 മാർച്ച് 31 വരെ പുറപ്പെടുവിച്ച ഡിമാൻഡ് ഉത്തരവുകൾക്കെതിരെ അപ്പീൽ നൽകാൻ 2024 ജനുവരി 31 വരെ നികുതിദായകർക്ക് അവസരം. ഇതുവഴി അപ്പീൽ തീർപ്പാകുന്നത് വരെ റിക്കവറി നടപടികളിൽ നിന്നും സ്റ്റേ വാങ്ങാനും കഴിയും.ഉത്തരവ് തീയ്യതിക്കു 90 ദിവസത്തിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യേതായിരുന്നെങ്കിലും ചില നികുതി ദായകർക്ക് ഇതിന് കഴിഞ്ഞിട്ടില്ല. അപ്പീൽ നൽകാത്ത കേസുകളിൽ സ്റ്റേ നടപടി ഇല്ലാത്തതിനാൽ കുടിശിക പിരിക്കാവുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക് സെൻട്രൽ ബോർഡ് ഓഫ് ഇൻ ഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ് നോട്ടിഫിക്കേഷൻ നം. 53/2023 പരിശോധിക്കുക. കുടിശ്ശിക വിവരങ്ങൾ അറിയുന്നതിന് ജി.എസ്. ടി പോർട്ടലിൽ Services >Ledgers>Eletcronic Liabiltiy Register> Part II:O-ther thn return related liabilities എന്ന വഴിയോ, ഓഫീസിൽ നേരിട്ട് ഹാജരാവുകയോ ചെയ്യാമെന്ന് ഡെപ്യൂട്ടി കമ്മീഷണർ (അരിയർ റിക്കവറി)/സ്റ്റേറ്റ് ടാക്സ് ഓഫീസർ അറിയിച്ചു.

# ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഊന്നൽ: കേന്ദ്രമന്ത്രി എസ്. ജയശങ്കർ




**തിരുവനന്തപുരം:**രാജ്യത്ത് കഴിഞ്ഞ 10 വർഷങ്ങളിൽ സാധാരണ ജനങ്ങളുടെ ഏറ്റവും അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് കേന്ദ്ര ഗവൺമെന്റ് ഊന്നൽ നൽകിയതെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. വികസിത് ഭാരത് സങ്കൽപ് യാത്രയുടെ ഭാഗമായി തിരുവനന്തപുരം കവടിയാറിൽ നടന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വികസിത് ഭാരത് സങ്കൽപ്പ് യാത്ര വികസിത ഇന്ത്യയിലേക്കാണ് നമ്മെ നയിക്കുന്നത്. കോവിഡ് കാലത്ത് ഒരാൾ പോലും പട്ടിണി കിടക്കരുതെന്ന ആശയത്തിൽ നിന്നാണ് പി എം ഗരിബ് കല്യാൺ അന്ന യോജനയ്ക്കു കേന്ദ്ര ഗവൺമെന്റ് രൂപം നൽകിയതെന്ന് എസ് ജയശങ്കർ പറഞ്ഞു. വികസിത രാജ്യങ്ങളിൽ പോലും സാധാരണ ജനങ്ങൾക്കുള്ള ആരോ?ഗ്യ പരിരക്ഷാ പദ്ധതികൾ വിരളമാണ്, അവിടെയാണ് ഇന്ത്യ ആ?ഗോളതലത്തിൽ മാതൃകയാകുന്ന പദ്ധതികളുമായി മുന്നോട്ട് പോകുന്നത്. ജനങ്ങളുടെ ജീവിതത്തിൽ ആ മാറ്റം പ്രകടമാണെന്നും ഇതൊരു തുടക്കം മാത്രമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു. കഴിഞ്ഞ 10 വർഷങ്ങളിൽ ഭരണ നിർവ്വഹണത്തിലും പ്രകടമായ മാറ്റങ്ങൾ സംഭവിച്ചു. മോദിയുടെ ഉറപ്പ് എന്നാൽ സദ്ഭരണം, ജനകേന്ദ്രികൃത നയരൂപീകരണം തുടങ്ങിയവയാണെന്നും കേന്ദ്രമന്ത്രി എസ് ജയശങ്കർ പറഞ്ഞു. ചടങ്ങിൽ വിവിധ കേന്ദ്ര പദ്ധതികളിലൂടെ ലഭ്യമാക്കിയ വായ്പകൾ അദ്ദേഹം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.വികസിത് ഭാരത് സങ്കൽപ് യാത്ര സാധാരണക്കാർക്ക് വേണ്ടിയുള്ളതാണെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന കേന്ദ്ര വിദേശകാര്യ പാർലമെന്ററി കാര്യ സഹമന്ത്രി ശ്രീ. വി മുരളീധരൻ പറഞ്ഞു. പദ്ധതികൾ കേവലം പ്രഖ്യാപനങ്ങളിൽ ഒതുങ്ങാതെ അത് നടപ്പാക്കുകയും ജനങ്ങളുടെ പ്രതികരണം അറിയുന്നതുമാണ് വികസിത് ഭാരത് സങ്കൽപ്പ് യാത്രയുടെ ലക്ഷ്യം. ജനങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതാണ് വികസിത് ഭാരത് സങ്കൽപ് യാത്രയെ മറ്റ് യാത്രകളിൽ നിന്ന് വ്യത്യസ്തമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. രാഷ്ട്രീയത്തിന് അതീതമാണ് ജനസേവനം. വികസനത്തിൽ രാഷ്ട്രീയം നോക്കരുതെന്നും ജനപക്ഷ വികസനത്തെ എതിർക്കുന്നവരെ ജനങ്ങൾ തിരിച്ചറിയുമെന്നും വി മുരളീധരൻ പറഞ്ഞു. ചടങ്ങിൽ ഉജ്ജ്വല യോജനയ്ക്ക് കീഴിൽ 5 ഗുണഭോക്താക്കൾക്ക് പുതിയ പാചക വാതക കണക്ഷനുകൾ വിതരണം ചെയ്തു. സങ്കൽപ് പ്രതിജ്ഞയും എടുത്തു. ശ്രേഷ്ഠ ദിവ്യാംഗ് ബാലിക പുരസ്കാരം നേടിയ ഫാത്തിമ അൻഷിയെ പരിപാടിയിൽ ആദരിച്ചു.തിരുവനന്തപുരം ജില്ലയിലെ ലീഡ് ബാങ്കായ ഐ ഒ ബിയാണ് പരിപാടി സംഘടിപ്പിച്ചത്. എസ് എൽ ബി സി കേരള, കൺവീനർ എസ്.പ്രേം കുമാർ, നബാർഡ് സി.ജി.എം ഗോപകുമാരൻ നായർ, എസ് ബി ഐ, സി ജി എം ഭുവനേശ്വരി, പി.പി.എ.സി, ഡയറക്ടർ ജനറൽ പി. മനോജ് കുമാർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

# ഭരണഘടനാപരമായ ലിംഗനീതി ഇന്ത്യയ്ക്ക് ഇന്നും അന്യം: വനിതാ കമ്മിഷൻ



**തിരുവനന്തപുരം:** ഇന്ത്യൻ ഭരണഘടന വാഗ്ദാനം നൽകുന്ന നേർപാതി അവകാശം ഇന്ത്യാക്കാർക്ക് ഇന്നും അന്യമെന്ന് കേരള വനിതാ കമ്മിഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി പറഞ്ഞു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തുമായി ചേർന്ന് "സ്ത്രീ ശാക്തീകരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും" എന്ന വിഷയത്തിൽ വനിതാ കമ്മിഷൻ നടത്തിയ ജില്ലാ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു വനിതാ കമ്മിഷൻ അധ്യക്ഷ. സെമിനാറിനോട് അനുബന്ധിച്ച് ജില്ലാ പഞ്ചായത്ത് ഓഫീസിലെ ജെൻഡർ റിസോഴ്സ് സെന്ററും വനിതാ കമ്മിഷൻ അധ്യക്ഷ ഉദ്ഘാടനം ചെയ്തു.ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എ. ഷൈലജാ ബീഗം, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ വിളപ്പിൽ രാധാകൃഷ്ണൻ, വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ എസ്. സുനിത, പൊതുമരാമത്ത് സ്ഥിരം സമിതി അധ്യക്ഷൻ എം. ജലീൽ, ആരോഗ്യവിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ വി.ആർ. സലൂജ എന്നിവർ സംസാരിച്ചു.സ്ത്രീ ശാക്തീകരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എന്ന വിഷയം വനിതാ കമ്മിഷൻ റിസർച്ച് ഓഫീസർ എ.ആർ. അർച്ചന അവതരിപ്പിച്ചു.

# തീരക്കടലിനപ്പുറം മീൻപിടുത്തം നിയന്ത്രിക്കാൻ കേന്ദ്ര നിയമം വേണം സിഎംഎഫ്ആർഐ

**കൊച്ചി:** ഇന്ത്യൻ സമുദ്രമത്സ്യമേഖലയുടെ സുസ്ഥിര വികസനത്തിനായി കേന്ദ്ര നിയമനിർമാണം (മറൈൻ ഫിഷറി ആക്ട്) ഉൾപ്പെടെ സമഗ്രമായ നിർദേശങ്ങളുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). 12 നോട്ടിക്കൽ മൈൽ പരിധിയിലുള്ള തീരക്കടലിനപ്പുറം ഇന്ത്യൻ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനം നിയന്ത്രിക്കാൻ കേന്ദ്ര നിയമം അനിവാര്യമാണെന്ന് നയരൂപീകരണത്തിനുള്ള സിഎംഎഫ്ആർഐയുടെ നിർദേശം ചൂണ്ടിക്കാട്ടി.നീതി ആയോഗിന്റെ നേതൃത്വത്തിൽ സിഎംഫ്ആർഐയിൽ നടന്ന ദേശീയ ശിൽപശാലയുടെ ഭാഗമായുള്ള വികസനചർച്ചയിലാണ് ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ നിർദേശങ്ങൾ അവതരിപ്പിച്ചത്. ഇന്ത്യൻ സമുദ്രാതിർത്തിയിൽ സുസ്ഥിരരീതികൾ നടപ്പിലാക്കുന്നതിന് ഇത്തരം നിയമനിർമാണം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. തീരക്കടലുകളിലെ മത്സ്യബന്ധനങ്ങൾ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾ ഏർപ്പെടുത്തിയ നിയമങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്.സമുദ്രസമ്പത്തിന്റെ ശാസ്ത്രീയ വംശസംഖ്യാനിർണയം (സ്റ്റോക് അസസ്മെന്റ്) വ്യവസ്ഥാപിക്കിതമാക്കണമെന്നതാണ് മറ്റൊരു ശുപാർശ. ലോക വ്യാപാര സംഘടനയിലെ (ഡബ്ല്യു ടി ഒ) സബ്സിഡിയുമായി ബന്ധപ്പെട്ട ചർച്ചകളിലും മറ്റ് അന്തർദേശീയ വ്യവഹാരങ്ങളിലും സമുദ്രസമ്പത്തിന്റെ ആരോഗ്യാവസ്ഥ നിർണായകമാണെന്നതിനാൽ ഈ കണക്കെടുപ്പ് വ്യവസ്ഥാപിതമാക്കുന്നതിന് കേന്ദ്രസർക്കാർ മുൻകയ്യെടുക്കണമെന്നാണ് നിർദേശം.സീഫുഡ് കയറ്റുമതി ശക്തിപ്പെടുത്തുന്നതിനാവശ്യമായ സമുദ്രവിഭവങ്ങളുടെ ഇക്കോലേബലിങ്ങിന ദേശീയ മാർഗനിർദേശങ്ങൾ വേണം. ഈ രംഗത്തെ സ്വകാര്യസംരംഭകത്വം, ചെറുകിടമത്സ്യത്തൊഴിലാളികളുടെയും മത്സ്യസംസ്കരണ രംഗത്തെ സംരംഭകരുടെയും ഉപജീവനം സംരക്ഷിക്കുന്ന തരത്തിൽ നിയന്ത്രണവിധേയമാക്കണം. കടലിലെ കൂടുമത്സ്യകൃഷി ഉൾപ്പെടെയുള്ള മാരികൾച്ചർ രംഗം കൂടുതൽ കാര്യക്ഷമമാക്കണം. സമുദ്രമത്സ്യലഭ്യതയുടെ കണക്കെടുപ്പിനും മത്സ്യബന്ധനയാനങ്ങൾ നിരീക്ഷിക്കുന്നതിനും മറ്റും നിർമിതബുദ്ധി അധിഷ്ഠിത ഓട്ടോമേറ്റഡ് സംവിധാനങ്ങൾ കൊണ്ടുവരണം. ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് കൂടുതൽ ഗവേഷണപഠനപദ്ധതികൾ ആരംഭിക്കുന്നതിന് ഊന്നൽ നൽകണം. മത്സ്യത്തീറ്റകൾക്കായി ഉപയോഗിക്കാവുന്ന മധ്യോപരിതല മത്സ്യസമ്പത്തിന്റെ നിലവിലെ സ്ഥിതിയും സാധ്യതകളും കൂടുതൽ കൃത്യമായി മനസ്സിലാക്കുന്നതിനുള്ള ശ്രമങ്ങൾ വേണം. മെഴുക് എസ്റ്ററുകൾ ധാരാളമുള്ളതിനാൽ ഈ മത്സ്യങ്ങൾ മനുഷ്യർക്ക് കഴിക്കാനാകില്ല. ലക്ഷദ്വീപ് ഉൾപ്പെടെയുള്ള ദ്വീപ് മത്സ്യമേഖലയുടെ വികസനത്തിന് കൂടുതൽ ശ്രദ്ധ നൽകണം. മത്സ്യത്തൊഴിലാളികളുടെ സ്വത്തിനും ജീവനും സുരക്ഷയൊരുക്കുന്നതിനായി അപകട ഇൻഷുറൻസ്, ബോട്ട് ഇൻഷുറൻസ് തുടങ്ങിയവ കാര്യക്ഷമമായി നടപ്പിൽവരുത്തണം. മത്സ്യോൽപാദനം കൂട്ടാനായി കടലിൽ കൃത്രിമപാരുകൾ സ്ഥാപിക്കുന്ന പദ്ധതി അവ എത്രത്തോളം ഫലപ്രദമാകുന്നുവെന്നതിനുള്ള തുടർപഠനങ്ങളും നിരീക്ഷണങ്ങളും നടത്തി മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനം വേണം തുടങ്ങിയവയാണ് സിഎംഎഫ്ആർഐയുടെ പ്രധാന നിർദേശങ്ങൾ.ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ ജെ കെ ജെനയാണ് ചർച്ച നിയന്ത്രിച്ചത്. മത്സ്യബന്ധനമേഖലയിൽ ഇനി പുരോഗതി കൈവരിക്കുന്നതിന് ആഴക്കടലിൽ സമ്പത്ത് പ്രയോജനപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു.നീതി ആയോഗ് അംഗം പ്രൊഫ. രമേശ് ചന്ദ് ഉൾപ്പെടെ കേന്ദ്രസംസ്ഥാന സർക്കാറുകളെ പ്രതിനിധീകരിച്ചെത്തിയ നയരൂപീകരണ വിദഗ്ധർ, ഗവേഷകർ, വ്യവസായപ്രമുഖർ, മത്സ്യത്തൊഴിലാളിബോട്ടുടമ പ്രതിനിധികൾ തുടങ്ങയവരുടെ സാന്നിധ്യത്തിലാണ് സിഎംഎഫ്ആർഐ നിർദേശങ്ങൾ അവതരിപ്പിച്ചത്.

# കേരള പ്ലാൻറേഷൻ എക്സ്പോ: ജനുവരി 20 മുതൽ 22 വരെ കൊച്ചിയിൽ

**കൊച്ചി:** തോട്ടം മേഖലയുടെ സമഗ്ര വളർച്ചയ്ക്കും മൂല്യവർധിത ഉത്പന്നങ്ങൾക്ക് പുതിയ വിപണി കണ്ടെത്തുന്നതും ലക്ഷ്യമിട്ട് സംസ്ഥാന വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്ലാൻറേഷൻ ഡയറക്ടറേറ്റ് സംഘടിപ്പിക്കുന്ന കേരള പ്ലാൻറേഷൻ എക്സ്പോ കൊച്ചിയിൽ നടക്കും. ജനുവരി 20 മുതൽ 22 വരെ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് എക്സ്പോ.പ്ലാൻറേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളും പ്ലാൻറേഷൻ ടൂറിസം ഉൾപ്പെടെയുള്ള സേവനങ്ങളും പ്രദർശിപ്പിക്കുന്ന സ്റ്റാളുകൾ എക്സ്പോയിലൂണ്ടാകും. പ്ലാൻറേഷൻ മേഖലയിലെ സംരംഭങ്ങളുടെ വളർച്ചയ്ക്കായി ബിസിനസ് ടു ബിസിനസ് മീറ്റും എക്സ്പോയോടനുബന്ധിച്ച് സംഘടിപ്പിക്കും.ജനുവരി 20 ാം തീയതി രാവിലെ 11 ന് നിയമവ്യവസായകയർ വകുപ്പ് മന്ത്രി പി. രാജീവ് എക്സ്പോ ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിരിക്കുന്ന പ്ലാൻറേഷനുകൾ , തോട്ടം ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും വിതരണക്കാർ , തോട്ടം മേഖലയിലെ സേവനദാതാക്കൾ , തോട്ടം മേഖലയുമായി ബന്ധപ്പെട്ട കേന്ദ്ര സംസ്ഥാനസർക്കാർ സ്ഥാപനങ്ങൾ, എന്നിവരുടെ സ്റ്റാളുകളും തോട്ടം മേഖലയിലെ മൂല്യവർധന പ്രവർത്തനങ്ങളുടെ തത്സമയ അവതരണവും സജ്ജീകരിക്കുന്നു. രാവിലെ ഒമ്പത് മണിമുതൽ 10 മണി വരെ തുറന്ന് പ്രവർത്തിക്കുന്ന പ്രദർശനത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യം ആയിരിക്കും.പ്ലാൻറേഷൻ എക്സ്പോയിലെ സ്റ്റാളുകൾ സൗജന്യ നിരക്കിലാണ് നൽകുന്നത്. സ്റ്റാളുകൾ അനുവദിച്ച് ലഭിക്കുന്നതിനായി ഓരോ ജില്ലയിലെയും ജില്ലാ വ്യവസായകേന്ദ്രം ഡെപ്യൂട്ടി റജിസ്ട്രാർമാരെ ബന്ധപ്പെടെണ്ടതാണ്. സ്റ്റാളുകൾക്കായി അപേക്ഷ സമർപ്പിക്കേണ്ട അവസാനതീയതി ജനുവരി 13 ആണ്.കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി https://plantations.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

# ഇംടെക്സ് ഫോമിംഗ് എക്സിബിഷൻ 19 മുതൽ

കൊച്ചി: ഏഷ്യയിലെ പ്രീമിയർ മെറ്റൽ ഫോമിംഗ് ആൻ ഡ് മാനുഫാക്ചറിംഗ് എക്സിബിഷൻ (ഇംടെക്സ് ഫോമിംഗ് 2024) ബംഗളൂരുവിൽ 19 മുതൽ 23 വരെ നട ക്കും. ലോഹ രൂപീകരണവും നിർമാണ സാങ്കേതിക വിദ്യകളും സംബന്ധിച്ച ഏഷ്യയിലെ പ്രമുഖമായ എ ക്സിബിഷൻ ബംഗളൂരു ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിലാണു നടക്കുന്നത്

# സ്റ്റാർ ഹെൽത്തും പേനിയർബൈയും കൈകോർക്കുന്നു.

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ആരോഗ്യ ഇൻഷുറൻസ് സ്പെഷ്യലിസ്റ്റുകളിലൊന്നായ സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസും, ഇന്ത്യയിലെ പ്രമുഖ ബ്രാഞ്ച് രഹിത ബാങ്കിംഗ്, ഡിജിറ്റൽ നെറ്റ്വർക്കായ പേനിയർബൈയും കൈകോർക്കുന്നു.ആരോഗ്യ ഇൻഷുറൻസ് കവറേജ് രാജ്യത്തുടനീളം, പ്രത്യേകിച്ച് അർദ്ധനഗരങ്ങളിലും ഗ്രാമങ്ങളിലും കൂടുതൽ ജനങ്ങൾക്ക് പ്രാപ്യവും താങ്ങാനാവുന്നതുമാക്കുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ഇരു കമ്പനികളുടെയും അധികൃതർ വ്യക്തമാകക്കി. സ്റ്റാർ ഹെൽത്തിൻറെ ക്യൂറേറ്റഡ് ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ പ്രാദേശിക റീട്ടെയിൽ സ്റ്റോറുകളിൽ എത്തിക്കുന്നതിലൂടെ പേനിയർബൈയുടെ ദശലക്ഷത്തിലധികം സജീവ ഡിസ്ട്രിബ്യൂഷൻആസ് എസർവീസ് (ഉമമട) നെറ്റ്വർക്ക് മുഖേന രാജ്യത്തുടനീളമുള്ള ദശലക്ഷക്കണെക്കിന് ഇൻഷുറൻസ് ഇല്ലാത്തവരെ ഇൻഷർ ചെയ്യുന്നതിൽ സഹായകമാകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# മൊബൈൽ വരിക്കാർ: 9.22% വളർച്ച രേഖപ്പെടുത്തിയതായി ജിയോ

**കൊച്ചി:** പുതിയ വരിക്കാരെ നേടുന്നതിൽ ജിയോ ശക്തമായ 9.22% വളർച്ച രേഖപ്പെടുത്തിയതായി ജിയോ അധികൃതർ വ്യക്തമാക്കി.. ഒക്ടോബര് 2023 ട്രായ് റിപ്പോർട്ട് പ്രകാരം ജിയോ കേരളത്തിൽ ഒരു ലക്ഷത്തി ഒൻപതിനായിരം ( 109000 ) പുതിയ വരിക്കാരെ നേടി . കഴിഞ്ഞ ഒരു വർഷ കാലയളവിൽ , (2022 ഒക്ടോബർ മുതൽ 2023 ഒക്ടോബർ വരെ) ജിയോ വരിക്കാരുടെ എണ്ണം ഏകദേശം 9 ലക്ഷം വർദ്ധിച്ചു, 97.5 ലക്ഷത്തിൽ നിന്ന് 1 കോടി 6 ലക്ഷമായി. ഭാരതിയിലും 6.59% വർധനയുണ്ടായി, 5 ലക്ഷത്തിലധികം വരിക്കാരെ ചേർത്തു. വയർലൈൻ വിഭാഗം മൊത്തം വരിക്കാരുടെ എണ്ണം ടെ 4.97% വർദ്ധിച്ചു. 42.58% വർദ്ധനയോടെ ജിയോ വളർച്ചാ നിരക്കിൽ മുന്നിലെത്തി, 85,000ത്തിലധികം പുതിയ ഉപയോക്താക്കളെ ചേർത്തു,പുതിയ ട്രായ് റിപ്പോർട്ട് പ്രകാരം ഒക്ടോബറിൽ രാജ്യത്ത് 31 .6 ലക്ഷം പുതിയ വരിക്കാരെ നേടി ജിയോ ഇന്ത്യയിലെ ഏറ്റവും ശക്തമായ ടെലികോം നെറ്റ്വർക്ക് എന്ന സ്ഥാനം ഉറപ്പിച്ചുവെന്നും നിലവിൽ രാജ്യത്തെ മൊബൈൽ വരിക്കാരുടെ 39 % ജിയോ വരിക്കാരാണെന്നും ജിയോ അധികൃതർ വ്യക്തമാക്കി.

## ഇന്റർനാഷണൽ ഫിഷറീസ് കോൺഗ്രസ് 12 ന്;

# വേമ്പനാട് കായൽ നശീകരണം പ്രധാന ചർച്ച

**കൊച്ചി:**കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) നടക്കുന്ന ഇന്റർനാഷണൽ ഫിഷറീസ് കോൺഗ്രസിൽ വേമ്പനാട്ട് കായലിന്റെ ശോച്യാവസ്ഥയും  നശീകരണ തോതും പ്രധാന ചർച്ചാവിഷയമാകും. വിവിധ രാജ്യങ്ങളിലായി പ്രവർത്തിക്കുന്ന ഫിഷറീസ് ശാസ്ത്രജ്ഞരുടെയും  ജല പരിസ്ഥിതി ശാസ്ത്രജ്ഞരുടെയും  അന്താരാഷ്ട്ര സമ്മേളനമായ ഇന്റർനാഷണൽ ഫിഷറീസ്  കോൺഗ്രസ് ആന്റ് എക്സ്പോ ജനുവരി 12 മുതൽ 14 വരെയാണ്കുഫോസിൽ നടക്കുന്നത്. കേരളം ഇത് ആദ്യമായാണ് അന്താരാഷ്ട്ര ഫിഷറീസ് കോൺഗ്രസിന് വേദിയാകുന്നത്. വൻതോതിലുള്ള കയ്യേറ്റവും നശീകരണവും മൂലം വേമ്പനാട്ട് കായലിൻറെ ജലസംഭരണ ശേഷിയിൽ  120 വർഷം കൊണ്ട് 85.3 ശതമാനം കുറവ് ഉണ്ടായിട്ടുണ്ടെന്ന് കുഫോസ് നടത്തിയ പഠനത്തിൽ കണ്ടെത്തിയിരുന്നു.1900 ൽ 2617.5  മില്യൻ ക്യൂബിക് മീറ്ററായിരുന്ന സംഭരണണ ശേഷി 2020 ൽ 387.87 മില്യൺ ക്യൂബിക് മീറ്ററായി കുറഞ്ഞു. കേരള സ!ർക്കാറിൻറെ നിർദ്ദേശ പ്രകാരം കുഫോസിലെ സെൻറ!ർ ഫോർ അക്വാറ്റിക് റിസോഴ്സസ് മാനേജ്മെൻറ് ആൻറ് കൺസ!ർവേഷൻ അഞ്ച് വ!ർഷം കൊണ്ട് പൂർത്തിയാക്കിയ പഠനത്തിലാണ് ഈ കണ്ടെത്തൽ. കഴിഞ്ഞ 120 വർഷത്തിനുള്ളിൽ  158.7 ചതുശ്രകിലോമീറ്റ!ർ കായലാണ് നികത്തപ്പെട്ടത് ( 43.5 ശതമാനം കായൽ ഇല്ലാതായി). 1900 ൽ 365 ചതുശ്രകിലോമീറ്ററായിരുന്ന കായൽ വിസ്തൃതി 2020 ആയപ്പോഴേക്കും 206.30 ചതുശ്രകിലോമീറ്ററായി കുറഞ്ഞു. ഇതോടൊപ്പം മാലിന്യങ്ങൾ അടിഞ്ഞ് കായലിൻറെ ആഴത്തിൽ ഗണ്യമായ കുറവ് ഉണ്ടായതും സംഭരണ ശേഷി കുറയാൻ കാരണമായി. കായലിന്റെ അടിത്തട്ടിലുള്ള മാലിന്യത്തിൽ 3005 ടൺ പ്ളാസ്റ്റിക് മാലിന്യങ്ങളാണ് അടിഞ്ഞുകൂടിയിട്ടുള്ളത്.അര നൂറ്റാണ്ടിന് ഇടയിൽ വേമ്പനാട്ട് കായലിൽ നിന്ന് അറുപത് ഇനം മത്സ്യങ്ങൾ അപ്രത്യക്ഷമായി.1980 ൽ 150 സ്പീഷ്യസുകൾ റിപ്പോർട്ട് ചെയ്ത സ്ഥാനത്ത് ഇപ്പോൾ കായലിലുള്ളത് 90 മത്സ്യ സ്പീഷ്യസുകൾ മാത്രമാണ്.  ഇതോടൊപ്പം മത്സ്യങ്ങളുടെ ലഭ്യതയും കായലിൽ കാര്യമായി കുറഞ്ഞു. ഇത് മൂലം കായലിനെ ആശ്രയിച്ച് ജീവിച്ചിരുന്ന മത്സ്യതൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിലായി. ഈ ദുർഘാടവസ്ഥയിൽ നിന്ന് വേമ്പനാട് കായലിനെ എങ്ങിനെ രക്ഷിക്കാം എന്നതാണ് അന്താരാഷ്ട്ര ഫിഷറീസ് കോൺഗ്രസ് ചർച്ച ചെയ്യുകയെന്ന് കുഫോസ് വൈസ് ചാൻസലറും കോൺഗ്രസിന്റെ പാട്രണുമായ ഡോ.ടി.പ്രദീപ് കുമാർ പറഞ്ഞു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രമുഖരായ പരിസ്ഥിതി ശാസ്ത്രജ്ഞരും ഫിഷറീസ് സയന്റിസ്റ്റുകളും കോൺഗ്രസിൽ പങ്കെടുക്കുന്നുണ്ട്. അവരിലൂടെ വേമ്പനാട്ട് കായലിന്റെ പ്രതിസന്ധി അന്താരാഷ്ട്ര ശ്രദ്ധയിൽ കൊണ്ടുവരാനും പുനർജീവനത്തിനുള്ള പോംവഴി കണ്ടെത്താനുമാണ് കുഫോസ് ശ്രമിക്കുന്നത് എന്ന് ഡോ.ടി.പ്രദീപ് കുമാർ പറഞ്ഞു.മത്സ്യബന്ധനവും സമുദ്രോൽപ്പന്ന വ്യവസായവും  ജനങ്ങളുടെ ജീവിതോപാധിയായിട്ടുള്ള വിവിധ രാജ്യങ്ങളിൽ നിന്നായി 500 ഓളം പ്രതിനിധികൾ ഫിഷറീസ് കോൺഗ്രസിൽ പങ്കെടുക്കും. ഫിഷറീസ് മേഖലയിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ എല്ലാ സ്ഥാപനങ്ങളും സർവ്വകലാശാലകളും ഫിഷറീസ് കോൺഗ്രസിൽ പങ്കെടുക്കുന്നുണ്ട്.  നോർത്തേൺ ടെറിറ്ററി ഫിഷറീസ് ആസ്ട്രേലിയ, വുമൺ ഇൻ ഫിഷറീസ്യു.കെ, ബേ ഓഫ് ബംഗാൾ പ്രൊജക്ട്,  കിങ്ങ് അബ്ദുള്ള യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിസൌദി അറേബ്യ. യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ, യൂണിവേഴ്സിറ്റി ഓഫ് തയ് വാൻ, വിയറ്റ്നാം നാഷണൽ യൂണിവേഴ്സിറ്റി എന്നീ ഗവേഷണ സ്ഥാപനങ്ങളാണ് വിദേശ രാജ്യങ്ങളിൽ നിന്ന് പങ്കെടുക്കുന്നത്. ഇതിന് പുറമേ നെതർലാന്റ് സ്, യു.കെ, യു.എ.ഇ, യു.എസ്.എ , ഇന്തോനേഷ്യ, ജർമ്മനി, മെക്സിക്കോ, ഒമാൻ , ന്യൂസീലാന്റ്  എന്നീ രാജ്യങ്ങളിൽ നിന്നുള്ള ഗവേഷകരും സംരംഭകരും കയറ്റുമതി / ഇറക്കുമതി വ്യവസായികളും  ഫിഷറീസ് കോൺഗ്രസിൽ പങ്കെടുക്കും. സ്വദേശത്തെയും വിദേശത്തെയും പ്രധാന സ്ഥാപനങ്ങളുടെ സ്റ്റാളുകൾ ഫിഷറീസ് കോൺഗ്രസിനോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന എക്സ്പോയിൽ ഉണ്ടാകും.മൂന്ന് ദിവസത്തെ കോൺഗ്രസിൽ ഉരുത്തിരിയുന്ന നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിനും ഐക്യ രാഷ്ട്ര സഭയുടെ ഭക്ഷ്യ കാർഷിക സംഘടനക്കും സമർപ്പിക്കും.



# 100% പേപ്പർ പാക്കേജിംഗ് അവതരിപ്പിച്ച് ഐടിസി സൺഫീസ്റ്റ്

**കൊച്ചി:** ഐടിസി ഫുഡ്സിൽ നിന്നുള്ള ആരോഗ്യകരമായ ബിസ്ക്കറ്റുകളുടെ ശ്രേണിയായ ഐടിസി സൺഫീസ്റ്റ് ഫാംലൈറ്റ്, തങ്ങളുടെ ഏറ്റവും പുതിയ ഉൽപ്പന്നമായ സൺഫീസ്റ്റ് ഫാംലൈറ്റ് ഡൈജസ്റ്റീവ് ബിസ്ക്കറ്റ് ഫാമിലി പാക്ക്, 100% ഔട്ടർ പേപ്പർ പാക്കേജിൽ പുറത്തിറക്കി. ഈ മേഖലയിൽ പേപ്പർ പാക്കേജിംഗിൽ വരുത്തുന്ന ആദ്യ മാറ്റമാണിതെന്നും പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാനും സുസ്ഥിര ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാനുമുള്ള, ബ്രാൻഡിന്റെ പ്രതിബദ്ധതയുടെ ഭാഗമാണ് പുതിയ അവതരണമെന്നും ഐടിസി ഫുഡ്സ് ഡിവിഷനിലെ ബിസ്ക്കറ്റ് & കേക്ക്സ് ക്ലസ്റ്റർ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അലി ഹാരിസ് ഷെർ പറഞ്ഞു. 100% പുറം പേപ്പർ ബാഗ് പാക്കേജിംഗുള്ള പുതിയ സൺഫീസ്റ്റ് ഫാംലൈറ്റ് ഡൈജസ്റ്റീവിന്റെ 800 ഗ്രാം ഫാമിലി പായ്ക്ക് നിലവിൽ ഫ്ളിപ്കാർട്ടിലൂടെയാണ് ലഭ്യമാവുക. അധികം വൈകാതെ മറ്റ് ഇ കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും സൂപ്പർ മാർക്കറ്റുകളിലും ഉൽപ്പന്നമെത്തും. സുസ്ഥിരതയുമായി ബന്ധപ്പെട്ട് കമ്പനിയുടെ നടത്തുന്നസസ്റ്റയ്നബിലിറ്റി 2.0 വിഷന്റെ ഭാഗമാണ് ഈ സംരംഭമെന്നും അധികം വൈകാതെ മറ്റ് ബിസ്ക്കറ്റ് ഉൽപ്പന്നങ്ങൾക്കും ഇത്തരം പാക്കേജിംഗ് സ്വീകരിക്കുന്നതിനുള്ള ആലോചനകൾ നടന്നുവരികയാണെന്നും അലി ഹാരിസ് ഷേർ പറഞ്ഞു.




